ഹയർ സെക്കണ്ടറി റീജിയണൽ ഓഫീസുകളും സ്റ്റാഫ് പാറ്റേണും

126 [725] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി തലത്തിൽ എത്ര റീജിയണൽ ഓഫീസുകൾ തുടങ്ങിയിട്ടുണ്ട് ; അവ എവിടെയെല്ലാം ; ഇനി എത്രയെണ്ണം പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു; വിശദവിവരം നൽകുമോ ;

(ബി) ഓരോ റീജിയണൽ ഓഫീസിന്റെയും സ്റ്റാഫ് പാറ്റേണിന്റെ വിവരം വിശദമാക്കുമോ ;

(സി) ഓരോ റീജിയണൽ ഓഫീസിലും ഇപ്പോൾ എത്ര പേരെ വീതം നിയമിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി തലത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്നുമേഖലാ ഓഫീസുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇവയുടെ പ്രവർത്തനം തുടങ്ങാനിരിക്കുന്നതേയുള്ളൂ.

(ബി) ഓരോ റീജിയണൽ ഓഫീസിലും ഒരു ഡെപ്യൂട്ടി ഡയറക്ടർ, ഒരു അക്കൗണ്ട്സ് ഓഫീസർ, രണ്ട് ജൂനിയർ സൂപ്രണ്ടുമാർ, പത്ത് എൽ. ഡി. ക്ളാർക്കുമാർ, 3 ടൈപ്പിസ്റ്റുകൾ, 3 പ്യൂൺ എന്നീ തസ്തികകളാണ് അനുവദിച്ചിരിക്കുന്നത്.

(സി) റീജിയണൽ ഓഫീസുകളിലേയ്ക്ക് ഇതുവരെ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കാൻ നടപടി

127 [726] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly